# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ - 175 | 08.12.2014-ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങൾ-ബോധവത്കരണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.സി.പി.മുഹമ്മദ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവത്കരിക്കാൻ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും, അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനു വേണ്ടി പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമായി പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്. കൂടാതെ ജനമൈത്രീ പോലീസ്, വിവിധ സന്നദ്ധ സംഘടനകൾ, അക്ഷയകേന്ദ്രങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവ മുഖേന സെമിനാറുകൾ സംഘടിപ്പിയ്ക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ CERT(Compter Emergency Response Team)ന്റെ സഹകരണത്തോടെ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |
| (ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പരിപാടികൾ നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ എന്നിവരുമായി ചേർന്നും കൂടാതെ ജനമൈത്രീ പോലീസ്, റസിഡന്റ്സ് അസ്സോസിയേഷനുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോട്ടുകൂടിയുമാണ്. ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നത്. |

(സി) എന്തെല്ലാം ബോധവത്ക്കരണ പരിപാടികളാണ് ഇതിനായി ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത പരിപാടികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(സി) & (ഡി) പവർ പോയിന്റ് പ്രസന്റേഷൻ സ്ലൈഡുകളുടെ വീഡിയോ പ്രദർശിപ്പിച്ച് സോഷ്യൽ മീഡിയകളുടെയും, മൊബൈൽ ഫോണുകളുടെയും ദുരുപയോഗം മൂലമുള്ള അപകടങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നു. ദൃശ്യ മാധ്യമങ്ങളിലൂടെ സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും, അതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചും വിശദീകരിക്കുന്നു. മൊബൈൽ സുരക്ഷിതമായി ഉപയോഗിക്കുന്നതിനെക്കുറിച്ചും Security, Safety & Ethics for Teenagers, Internet Safety Basics എന്നതിനെക്കുറിച്ചും ബോധവൽക്കരണം നട<u>ത്തു</u>ന്നു. കൂടാതെ Chatting with Stranger's e-mail, Social Network site എന്നിവയിൽ എന്തെല്ലാം ചെയ്യാൻ പാടില്ല എന്നതിനെക്കുറിച്ചും ക്ലാസ്സ് എടുക്കുന്നുണ്ട്. കൂടാതെ ഐ.ടി.ആക്ടിലെ പ്രധാനപ്പെട്ട റൂളുകളെക്കുറിച്ചും ബോധവൽക്കരണം നട<u>ത്തു</u>ന്നുണ്ട്.

സർക്കാർ/പ്രൈവറ്റ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ട്രെയിനിംഗ് സെന്ററുകൾ എന്നിവയ്ക്ക് ആവശ്യാനുസരണം ട്രെയിനിംഗുകൾ കൊടുക്കുന്നുണ്ട്. അത് തുടർന്നും വരുന്നു. കൂടാതെ കാലാകാലങ്ങളിൽ ടി വിഷയത്തിൽ വരുന്ന മാറ്റങ്ങൾ സംബന്ധിച്ച് സർക്കാർ അതത് അവസരങ്ങളിൽ സംസ്ഥാന പോലീസ് മേധാവിയുമായി ആശയവിനിമയം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചും വരുന്നു.

സെക്ഷൻ ഓഫീസർ